

# Death Marshes
# മരണചതുപ്പുകൾ

അത്ര പരിചിതമല്ലാത്ത പദമായിരിക്കാം ഇത്. ഭൂപ്രദേശത്തിന്റെ ചില പ്രത്യേക സവിശേഷതകളാൽ രൂപീകൃതമാകുന്ന പ്രതിഭാസമാണിത്. വന്യതയുടെ വശ്യസൗന്ദര്യമണിഞ്ഞ് ആരെയും ആകർഷിക്കുന്നവയായി ഇന്നും പലയിടങ്ങളിലും ഇത് നിലനിൽക്കുന്നുണ്ട്. അതിനടുത്തേക്കുള്ള ഓരോ കാലടിയും മരണവക്ത്രത്തിലേക്കുള്ള പടികളാണ്. അകപ്പെടുന്നവരെ നിമിഷ നേരത്തിനുള്ളിൽ തന്റെ കരാള ഹസ്തം കൊണ്ട് മരണത്തിന്റെ ആഴങ്ങളിലേക്ക് വലിച്ചുകൊണ്ടു പോകുന്ന ഭീകരഭാവ മൊളിപ്പിച്ച വശ്യസുന്ദര ഭൂമിക. പിന്നീടൊരു തിരിച്ചുവരവിനോ, തെരച്ചിലിനോ ഒരു സാധ്യതകളും അവശേഷിപ്പിക്കാത്ത വിധം പൂർവ്വസ്ഥിതിയിൽ തന്റെ അടുത്ത ഇരയ്ക്കായി ശാന്തമായി കാത്തിരിക്കുന്ന മരണ നിലങ്ങളാണവ. പ്രാണവായു ഇല്ലാത്ത, കുഴഞ്ഞ ചേറിൽ വിഷാംശമുള്ള വാതകങ്ങളെ പോലും സൃഷ്ടിച്ചു കൊണ്ട് നിലകൊള്ളുന്ന നരകകവാടം.

ഇത് പ്രകൃതിയുടെ ഒരു ഭാവമെങ്കിൽ, നാം നമുക്കു ചുറ്റുമൊന്ന് വിവേചന ബുദ്ധിയോടെ ഒരു വീക്ഷണം നടത്തിയാൽ മനുഷ്യനെന്ന മരണ നിലങ്ങളെ കാണുവാൻ സാധിക്കും. പുറമ സൽസ്വഭാവത്തിന്റെയും, നന്മയുടെയും, ഒക്കെ സൗന്ദര്യ ഭാവം അണിഞ്ഞ് നിർദയം ഇരകളെ വിഴുങ്ങുവാൻ വലവിരിച്ചിരിക്കുന്ന മനുഷ്യനെന്ന മരണചതുപ്പുകൾ. ബാഹ്യ പ്രകടനങ്ങളാൽ വേദികൾ നിറഞ്ഞാടിക്കൊണ്ട് അനേകരെ തങ്ങളിലേക്ക് ആകർഷിച്ച് പിന്നീട് അവരെ തകർക്കുന്ന മനുഷ്യൻ. പലപ്പോഴും ഈ ലേഖനത്തിന്റെ വായനക്കാരായ നിങ്ങൾക്കും ഇതുപോലുള്ള മരണചതുപ്പുകളിൽ പെട്ട അനുഭവങ്ങൾ ഉണ്ടായിട്ടില്ലേ? ചിലപ്പോൾ ചിന്തിക്കാറുള്ള ഒരു കാര്യമാണ് "മനുഷ്യർ എന്തുകൊണ്ട് മനുഷ്യത്വം ഇല്ലാത്തവരാകുന്നു?" എന്ന്. കാരണം മേൽപറഞ്ഞ മരണ നിലങ്ങളുടെ അനുഭവം ഒരുപാട് അനുഭവിച്ചവരാകാം ഓരോരുത്തരും.

തന്റെ ശിഷ്യരെ ദൗത്യമേല്പിച്ചു അയയ്ക്കുമ്പോൾ ഗുരു പറയുന്ന ഒരു കാര്യമുണ്ട്, " ചെന്നായ്ക്കളുടെ നടുവിൽ കുഞ്ഞാടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു; ആകയാൽ പാമ്പിനെ പോലെ ബുദ്ധിയുള്ളവരും, പ്രാവിനെപോലെ കളങ്കമില്ലാത്തവരും ആയിരിപ്പീൻ". (മത്തായി 10:16)

ഇത് നാം ഓരോരുത്തരോടും ഉള്ള ഉദ്ബോധനമാണ്. നമ്മുടെ പാതകളിൽ പതിയിരിക്കുന്ന മരണചതുപ്പുകളെ തിരിച്ചറിയാം. അവയുടെയും അവരുടെയും കരാള ഹസ്തങ്ങളിൽ പെട്ടുപോകാതെ വിവേചന ബുദ്ധിയോടെയും, അവയുടെ കളങ്കമേൽക്കാതെ വിശുദ്ധിയോടെയും നമ്മെ കാത്തുസൂക്ഷിക്കാം.

**ഫാ. അജിൻ കോശി ജോൺ**